# Prime Minister to address High-Level Segment of ECOSOC on 17 July, 2020

July 16, 2020

---

**ECOSOC ന്റെ ഉന്നതതലയോഗത്തെ പ്രധാനമന്ത്രി 2020 ജൂലൈ 17 ന് അഭിസംബോധന ചെയ്യുന്നതാണ്.**

**16 ജൂലൈ , 2020**

ഈ വർഷത്തെ ഐക്യരാഷ്ട്ര സഭയുടെ സാമ്പത്തിക സാമൂഹിക കൗൺസിൽ സെഷനിൽ പ്രധാനമന്ത്രി വിർച്വലായി മുഖ്യ പ്രഭാഷണം നടത്തും. 2020 ജൂലൈ 17, വെള്ളിയാഴ്ച 0930 മുതൽ -1130 മണി വരെ (പ്രാദേശിക സമയം) അമേരിക്കയിലെ ന്യൂ യോർക്കിലായിരിക്കും ഇത് നടക്കുന്നത്. നോർവേ പ്രധാന മന്ത്രിയ്ക്കും ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറെസിനും ഒപ്പം സമാപന പ്രഭാഷണത്തിലായിരിക്കും പ്രധാന മന്ത്രി സംസാരിക്കുന്നത്.

സർക്കാർ, സ്വകാര്യ മേഖല, പൊതു സമൂഹം, വിജ്ഞാനം എന്നീ വ്യത്യസ്ത മേഖകളിലെ ഉന്നത നിലയിലുള്ള പ്രതിനിധികൾ, ഈ വാർഷിക ഉന്നതതല യോഗത്തിൽ പങ്കെടുക്കുന്നതാണ്. ഉന്നതതല യോഗത്തിന്റെ ഈ വർഷത്തെ വിഷയം "കോവിഡ് -19 ശേഷമുള്ള ബഹുരാഷ്ട്ര വാദം: ഏതു തരത്തിലുള്ള ഐക്യരാഷ്ട്രസഭയാണ് 75 മത് വാർഷിക സമയത്ത് ആവശ്യമായുള്ളത് " എന്നതാണ്.

മാറിക്കൊണ്ടിരിക്കുന്ന അന്താരാഷ്ട്ര പരിസ്ഥിതിയ്ക്കും കോവിഡ് 19 മഹാമാരിയ്ക്കും അനുസരിച്ച് ക്രമീകരിച്ചിട്ടുള്ളതിനാൽ, ഈ സെഷനുകളിൽ ബഹുരാഷ്ട്രവാദത്തെ രൂപപ്പെടുത്തുന്ന പ്രധാന സ്വാധീനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു കൂടാതെ ശക്തമായ നേതൃത്വം, കാര്യക്ഷമമായ അന്താരാഷ്ട്ര സ്ഥാപനങ്ങൾ, വിപുലമായ പങ്കാളിത്തം കൂടാതെ ലോകത്തുടനീളമുള്ള ചരക്കുകളുടെ പ്രധാന്യം വർധിപ്പിക്കുന്ന എന്നതിലൂടെ ആഗോള അജണ്ടയെ പിന്തുണയ്ക്കുന്നതിനുള്ള വഴികൾ കണ്ടെത്തുകായും ചെയ്യുന്നു.

ജൂൺ 17 ന് , 2021 -2022 കാലഘട്ടത്തിലേക്കുള്ള സുരക്ഷാ കൗൺസിലിലെ സ്ഥിരമല്ലാത്ത അംഗമായി ഇന്ത്യ തിരഞ്ഞെടുക്കപ്പെട്ടതിന് ശേഷം ഐക്യരാഷ്ട്ര സഭയിലെ അംഗങ്ങളെ അഭിസംബോധന ചെയ്യുന്നതിനുള്ള പ്രധാനമന്ത്രിയുടെ ആദ്യ അവസരമാണിത്.

ഐക്യരാഷ്ട്ര സഭ സ്ഥാപനത്തിന്റെ 75 മത് വാർഷികത്തിൽ, ECOSOC ന്റെ ഉന്നത തല യോഗത്തിന്റെ വിഷയം, കോവിഡ് 19 ന് ശേഷമുള്ള ലോകത്തിലെ "പരിഷ്കൃത ബഹുരാഷ്ട്രവാദം" എന്നതിൽ ഇന്ത്യയുടെ സുരക്ഷാ കൗൺസിലിലെ മുൻഗണനയും പ്രതിഫലിക്കുന്നു.ECOSOC ന്റെ ഉദ്ഘാടക അധ്യക്ഷ സ്ഥാനം (ശ്രീ രാമസ്വാമി മുതലിയാർ) വഹിക്കുന്ന നിലയിൽ ഉള്ള ഇന്ത്യയുടെ സ്ഥാനം ഇതിൽ അനുസ്മരിക്കപ്പെടുകയും ചെയ്യുന്നു. ഇതിനു മുൻപ് 2016 ജനുവരിയിൽ ECOSOC ന്റെ 70 മത് വാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി മുഖ്യപ്രഭാഷണം നടത്തിയിരുന്നു.

**ന്യൂ ഡൽഹി**
**15 ജൂലൈ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.